**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5022** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഉപാധിരഹിത പട്ടയം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതുവരെയും പട്ടയം അനുവദിക്കാത്ത അപേക്ഷകളുടെ ജില്ല തിരിച്ചിട്ടുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. (പട്ടിക താഴെ) |

| ക്രമ നം. | ജില്ല | 2016 മുതൽ നാളിതുവരെ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം | ഇതുവരെയും പട്ടയം അനുവദിക്കാത്ത അപേക്ഷകളുടെ എണ്ണം. |
|---|---|---|---|
| 1 | തിരുവനന്തപുരം | 8000 | 5338 |
| 2 | കൊല്ലം | 4916 | 1673 |
| 3 | പത്തനംതിട്ട | 1750 | 271 |
| 4 | ആലപ്പുഴ | 1997 | 913 |
| 5 | കോട്ടയം | 2244 | 556 |
| 6 | ഇടുക്കി | 79223 | 40457 |
| 7 | എറണാകുളം | 6982 | 5164 |
| 8 | തൃശ്ശൂർ | 79866 | 30073 |
| 9 | പാലക്കാട് | 60135 | 36105 |
| 10 | മലപ്പുറം | 1486 | 692 |
| 11 | കോഴിക്കോട് | 21825 | 9742 |
| 12 | വയനാട് | 3342 | 1713 |
| 13 | കണ്ണൂർ | 23372 | 9418 |
| 14 | കാസർഗോഡ് | 16810 | 10965 |

| | | | |
|---|---|---|---|
| (ബി) | നിലവിൽ നൽകുന്ന പട്ടയങ്ങളിൽ സർക്കാർ ഉപാധികൾ ഏർപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | നിലവിൽ നൽകുന്ന പട്ടയങ്ങളിൽ സർക്കാർ ഉപാധികൾ ഏർപ്പെടുത്തുന്നുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ചട്ടം 4-ൽ ഭൂമി ഏതാവശ്യങ്ങൾക്കൊക്കെ പതിച്ചു നൽകാമെന്നും ചട്ടം 5 ൽ കൃഷിയ്ക്കായി പതിച്ചു നൽകാവുന്ന ഭൂമിയുടെ പരമാവധി പരിധിയും, ചട്ടം (1 A) പ്രകാരം പതിവ് മുഖേന പതിച്ചു നൽകിയ കൈവശത്തിലില്ലാത്ത ഭൂമി പരമ്പാഗതമായി കൈമാറാവുന്നതും, എന്നാൽ പതിവു നൽകിയ തീയതി മുതൽ 12 വർഷക്കാലത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്നും, അപ്രകാരം ഭൂമി കൈവശം 01.08.1971 മുമ്പുള്ളതാണെങ്കിൽ (Occupied Land) കൈമാറ്റത്തിന് വ്യവസ്ഥയില്ലാത്തതും, ഭൂമി കൈവശം 01.08.1971 ന |

ശേഷമുള്ളതാണെങ്കിൽ (Unoccupied Land) കൈമാറ്റത്തിന് വ്യവസ്ഥകൾക്ക് വിധേയമായി 12 വർഷം കഴിഞ്ഞ് മാത്രമേ അന്യാധീനപ്പെടുത്താൻ കഴിയുകയുള്ളൂ. ചട്ടം 8 (3) ഉപചട്ടം (1) ലെയോ (2) ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ചട്ടം 9 (7) പ്രകാരം പതിച്ചു കിട്ടയ വ്യക്തി ആ വസ്തുവിന്റെ തറവില വൃക്ഷങ്ങളുടെ മൂല്യം, നികുതി കുടിശ്ശിക വല്ലതുമുണ്ടെങ്കിൽ അത് അയാൾ വസ്തുവിന് നൽകാനുള്ള മറ്റേന്തിങ്കിലും തുക വല്ലതുമുണ്ടെങ്കിൽ അതുമം പട്ടയമാറ്റം അനുവദിച്ച് മൂന്നുമാസത്തിനുള്ളിൽ നൽകാത്തപക്ഷം അങ്ങനെയുള്ള പതിവ് റദ്ദു ചെയ്യേണ്ടതും കൈവശക്കാരെ ഒഴിപ്പിക്കേണ്ടതും ഭൂമി തിരികെ എടുക്കേണ്ടതും യോഗ്യരായ മറ്റു കുടുംബങ്ങൾക്ക് അത് വീണ്ടും പതിച്ചു നൽകേണ്ടതുമാണ്. മൂന്നുമാസത്തിനുള്ളിൽ പതിച്ചു കിട്ടിയ വ്യക്തി നൽകേണ്ട മുഴുൻ തുകയും നൽകിയശേഷം മാത്രമേ ആ വസ്തുവിന് പട്ട നൽകാനുള്ള മറ്റേന്തങ്കിലും ചാർജ്ജുകൾ എന്നിവ കുടിശ്ശിക വരുത്തിയിട്ടുള്ള സംഗതിയിൽ പതിവ് തീയതി മുതൽ യഥാക്രമം മൂന്നു വർഷംവരെയും അഞ്ചുവർഷം വരെയും വരുത്തിയ വീഴ്ചകൾക്ക് അർഹതയുള്ള സംഗതികളിൽ ജില്ലാ കളക്ടർക്കും റവന്യൂ ബോർഡിനും അങ്ങനെയുള്ള കാലതാമസം മാപ്പാക്കുന്നതിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള കാലതാമസം അഞ്ചുവർഷത്തിൽ കവിയുന്ന എല്ലാ സംഗതിയിലും കാലതാമസം മാപ്പാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി നേടിയിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഭൂമി ഏതാവശ്യങ്ങൾക്കൊക്കെ പതിച്ചു നൽകാമെന്നും, ചട്ടം 4 പ്രകാരം പതിച്ചു നൽകാവുന്ന ഭൂമിയുടെ പരമാവധി പരിധിയും തറവിലയേയും കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 9 പ്രകാരം പതിച്ചു നൽകൽ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന തറവില പതിച്ചു നൽകൽ ഉത്തരവ് ലഭിച്ച തീയതി മുതൽ ഒടുക്കേണ്ടതാണ്. ചട്ടം 11 പ്രകാരം പതിവ് മുഖേന പതിച്ചു നൽകിയ ഭൂമി പരമ്പാഗതമായി അനുഭവിക്കാവുന്നതും എന്നാൽ 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 17 പ്രകാരം പട്ടയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് മുഖേനയോ നടത്തിയിട്ടുള്ള ഏതൊരു പതിച്ചു നൽകലും റദ്ദു ചെയ്യപ്പെടുന്നതും ഇത്തരം സംഗതികളിൽ ഭൂമി തിരികെ എടുക്കുന്നതുമാണെന്നും, പതിച്ചു നൽകിയിട്ടുള്ളത് തീർത്തും അന്യായമാണെന്നോ അല്ലെങ്കിൽ പിശകിന്റെ അടിസ്ഥാനത്തിലാണെന്നോ അല്ലെങ്കിൽ വസ്തുതകൾ തെറ്റായി ധരിപ്പിച്ചതിനെത്തുടർന്നാണെന്നോ പതിച്ചു നൽകൽ നടപടി അധികാരകേന്ദ്രത്തിന് ഡെലിഗേറ്റ് ചെയ്തിട്ടുള്ള അധികാരങ്ങളെ അതിലംഘിച്ചുകൊണ്ടാണെന്നോ നടപടിക്രമങ്ങളിൽ ക്രമക്കേടുണ്ടെന്നോ കണ്ടെത്തുന്നപക്ഷം പട്ടയമോ അല്ലെങ്കിൽ പാട്ടമോ റദ്ദു ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ 1993 കേരള ഭൂമി പതിച്ചു നൽകൽ (01.01.1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി ആവശ്യത്തിലേയോ ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവു മുഖേന ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ഈ ചട്ടങ്ങൾക്ക് കീഴിൽ പതിച്ചു കിട്ടിയ ഭൂമി ചട്ടം 3 ൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ് ഏതൊരു ആവശ്യത്തിനു വിനിയോഗിക്കുകയില്ലായെന്ന നിബന്ധനകൾക്ക് വിധേയമായി അത് പരമ്പാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താവുന്നതുമാണെന്ന് ചട്ടം 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 9 പ്രകാരം ഭൂമി പതിച്ചു കിട്ടിയ വ്യക്തി പതിച്ചു നൽകൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു

| | | | |
|---|---|---|---|
| | | | മാസത്തിനുള്ളിൽ നിർദ്ദിഷ്ട നിരക്കിലുള്ള തറവില ഒടുക്കേണ്ടതാണെന്നും, ചട്ടം 12 പ്രകാരം ഭൂമി പതിച്ചു കിട്ടിയ വ്യക്തിയിൽ നിന്നും താഴെപറയുന്ന നിരക്കിൽ അതിന്റെ വില ഈടാക്കുന്നതമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 13 പ്രകാരം 1986-ലെ കേരള വൃക്ഷങ്ങൾ പരിപാലിക്കൽ ആക്റ്റ് (1986 ലെ 35) ൽ നിർവ്വചിച്ചിട്ടുള്ള വൃക്ഷങ്ങൾ പതിച്ചു കിട്ടിയ ആൾക്ക് ലഭിച്ചിട്ടുള്ള ഭൂമിയിൽ നിൽപ്പുണ്ടെങ്കിൽ അവയെ സംബന്ധിച്ച് അയാളെ അറിയിക്കേണ്ടതും അത് വനം വകുപ്പ് പരിപാലിക്കേണ്ടതുമാണ്. കാലാകാലങ്ങളിൽ ആ വൃക്ഷങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമുള്ള ഘട്ടങ്ങളിൽ അവ നീക്കം ചെയ്യുന്നതിനും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് വേണ്ട സൗകര്യങ്ങൾ വസ്തു പതിച്ചു കിട്ടിയ ആൾ ചെയ്തുകൊടുക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 16 പ്രകാരം പതിച്ചു കിട്ടിയ വ്യക്തി ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ അല്ലെങ്കിൽ അന്യായമായാണ് വസ്തു പതിച്ചു നൽകിയിട്ടുള്ളതെന്നോ വസ്തുതാപരമായ പിശകു കാരണമോ അല്ലെങ്കിൽ തെറ്റിധാരണ മൂലമോ അല്ലെങ്കിൽ പതിച്ചു നൽകൽ അധികാര കേന്ദ്രത്തിന് കൈമാറിയിട്ടുള്ള അധികാരം ലംഘിച്ചുകൊണ്ടാണ് പതിച്ചു നൽകിയിട്ടുള്ളതെന്ന് അല്ലെങ്കിൽ നടപടികളിൽ ക്രമക്കേടുള്ളതായോ കണ്ടെത്തുന്നപക്ഷം അത് റദ്ദുചെയ്യാവുന്നതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (സി) | ഉപാധിരഹിത പട്ടയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഉപാധിരഹിത പട്ടയം നൽകുവാൻ വ്യവസ്ഥയില്ല |

സെക്ഷൻ ഓഫീസർ